# മഹാരാഷ്ട്രയിൽ ന്യൂനപക്ഷകാര്യ മന്ത്രാലയം

**മഹാരാഷ്**ട്ര ഗവൺമെന്റ് സംസ്ഥാനത്ത് ഒരു ന്യൂനപക്ഷകാര്യ മന്ത്രാലയം സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 2007 ഡിസംബർ 17-ന് നാഗ്പൂരിൽ ചേർന്ന കാബിനറ്റ് യോഗത്തിൽ മുഖ്യമന്ത്രി വിലാസ് റാവു ദേശ്മുഖ് ആണ് ഈ പ്രഖ്യാപനം നടത്തിയത്. ന്യൂനപക്ഷ കാര്യങ്ങൾക്കു മാത്രമായി ഒരു സെക്രട്ടറിയും വകുപ്പിന് പ്രത്യേക ബജറ്റും ഉണ്ടായിരിക്കുമെന്നും മുഖ്യമന്ത്രി വെളിപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ന്യൂനപക്ഷകാര്യ മന്ത്രാലയം സ്ഥാപിക്കുന്ന ഒന്നാമത്തെ സംസ്ഥാനം മഹാരാഷ്ട്രയായിരിക്കുമെന്ന് ഉപമുഖ്യമന്ത്രി ആർ.ആർ പാട്ടീൽ ഏതാനും മാസങ്ങൾക്കു മുമ്പ് അദ്ദേഹത്തെ സന്ദർശിച്ച മുസ്‌ലിം പ്രതിനിധി സംഘത്തിനു നൽകിയ ഉറപ്പ് ഇതോടെ പാലിക്കപ്പെടുകയാണ്.

മുസ്‌ലിം പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ നിയുക്തമായ സച്ചാർ കമ്മിറ്റി സമർപ്പിച്ച മുഖ്യ ശിപാർശകളിലൊന്നാണ് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ന്യൂനപക്ഷ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേകം മന്ത്രാലയങ്ങൾ ഏർപ്പെടുത്തുക എന്നത്. യു.പി.എ ഗവൺമെന്റ് കേന്ദ്രത്തിൽ ന്യൂനപക്ഷകാര്യ മന്ത്രാലയം സ്ഥാപിച്ചിട്ട് ഒരു വർഷത്തോളമായി. മഹാരാഷ്ട്രയുടെ മുൻ മുഖ്യമന്ത്രിയായ അബ്ദുർറഹ്മാൻ ആന്തുലെയാണ് അതിന്റെ ചുമതല വഹിക്കുന്നത്. പുതിയ ന്യൂനപക്ഷ മന്ത്രാലയത്തിൽ മുസ്‌ലിംകൾക്ക് വലിയ പ്രതീക്ഷകളുണ്ട്. ന്യൂനപക്ഷവിരുദ്ധ ശക്തികൾ വിലാസ് റാവു സർക്കാരിൽ കടുത്ത ന്യൂനപക്ഷ പ്രീണനം ആരോപിക്കുകയും ചെയ്തിരിക്കുന്നു.

റിപ്പോർട്ടുകളിൽനിന്ന് വ്യക്തമാകുന്നതനുസരിച്ച് ന്യൂനപക്ഷ കാര്യമന്ത്രാലയത്തിന്റെ കീഴിൽ വരുന്ന വിഷയങ്ങൾ ഇവയാണ്: സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ പ്രവർത്തനത്തിന് മേൽനോട്ടം, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എൻ.ഒ.സി ലഭ്യമാക്കൽ, പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടി നടപ്പാക്കൽ, മൗലാനാ ആസാദ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ മേൽനോട്ടം, വഖ്ഫ് നിയമങ്ങൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തൽ, സംസ്ഥാന ഉർദു-സിന്ധി അക്കാദമികളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ, സച്ചാർ കമ്മിറ്റി ശിപാർശകളനുസരിച്ച് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ന്യൂനപക്ഷങ്ങൾക്കായി ആവിഷ്കരിക്കുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കൽ, ന്യൂനപക്ഷ ക്ഷേമം സംബന്ധിച്ച് വിഗദ്ധാഭിപ്രായങ്ങൾ ലഭ്യമാക്കൽ, ന്യൂനപക്ഷ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് സർവേ നടത്തൽ, ന്യൂനപക്ഷങ്ങൾക്ക് ഗുണകരമല്ലാത്ത നിയമങ്ങൾ പരിഷ്കരിക്കൽ, ആവശ്യമായ പുതിയ നിയമങ്ങൾ നിർമിക്കൽ.

മൊത്തത്തിൽ നോക്കുമ്പോൾ, ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് കൈകാര്യം ചെയ്യാൻ വിഷയങ്ങൾ ഏറെയുണ്ട്. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ സ്വതന്ത്രമായ പ്രവർത്തന മണ്ഡലമോ അധികാരപരിധിയോ ഒന്നുമില്ലതാനും. ആകെക്കൂടിയുള്ള നേട്ടം ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളും ഓഫീസുകളും കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന വിഷയങ്ങളെല്ലാം ഒരേ കുടക്കീഴിൽ വരുന്നു എന്നതു മാത്രമാണ്. കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ അതിനും ചില സദ്ഫലങ്ങൾ ഉളവാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന്റെ രൂപീകരണത്തിൽ സന്തോഷം കൊള്ളുന്ന ന്യൂനപക്ഷങ്ങളും അതിൽ ന്യൂനപക്ഷപ്രീണനം ആരോപിക്കുന്ന കക്ഷികളും കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രാലയത്തിന്റെ ഒരു വർഷക്കാലത്തെ പ്രവർത്തനങ്ങളുടെ നേട്ടകോട്ടങ്ങളെക്കുറിച്ച് ഒരു നിമിഷം ആലോചിക്കുന്നത് നന്നായിരിക്കും. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ ന്യൂനപക്ഷ ക്ഷേമം ലക്ഷ്യമാക്കി ഒരുപാട് കമീഷനുകൾ നിയോഗിക്കപ്പെട്ടിട്ടുണ്ട്. ധാരാളം നിർദേശങ്ങളും ശിപാർശകളും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെയൊക്കെ ഫലങ്ങളെക്കുറിച്ചും ആലോചിക്കാവുന്നതാണ്. സച്ചാർ കമീഷനും അതിനു മുമ്പുണ്ടായിരുന്ന കമീഷനുകളും ചൂണ്ടിക്കാണിച്ച ഒരു സത്യമുണ്ട്: മുസ്‌ലിം സമുദായത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള യഥാർഥവും ഫലപ്രദവുമായ നടപടികളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല എന്നതാണത്. അന്വേഷണ കമീഷനുകളുടെയും ആസൂത്രണ കമ്മിറ്റികളുടെയും നിയമനങ്ങളിലൂടെ ഖജനാവിൽനിന്ന് കുറേ പണം ചോർന്നുവെന്നതു മാത്രമാണ് മിച്ചം. ന്യൂനപക്ഷ പ്രശ്നം ഒരു പ്രശ്നമായിത്തന്നെ നിലനിൽക്കുകയും വളരുകയും ചെയ്യുന്നു. ആദ്യം പ്രശ്നങ്ങൾ വളർന്നുവഷളാകാനനുവദിക്കുക, പിന്നീടത് പഠിക്കാനും പരിഹിക്കാനും കമീഷനെ നിയോഗിക്കുക, കമ്മിറ്റിയുടെ ശിപാർശകൾ പ്രായോഗിക നടപടികളില്ലാതെ ചർച്ചകളും വിവാദങ്ങളുമായി മറ്റൊരു കമ്മിറ്റിയുടെ നിയോഗം വരെ നീണ്ടുപോവുക. മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങളിൽ ഈവിധം വിചിത്രവും വേദനാജനകവുമായ സമീപനമാണ് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സ്ഥിരമായി സ്വീകരിച്ചുവരുന്നത്. സംവരണം, ബാബരിമസ്ജിദ്, മുംബൈ കലാപം, ഗുജറാത്ത് വംശഹത്യ തുടങ്ങിയ എത്രയോ പ്രശ്നങ്ങൾ ഈ സമീപനത്തിന്റെ നിദർശനങ്ങളാണ്.

മന്ത്രാലയങ്ങളും കമ്മിറ്റികളും രൂപീകരിക്കപ്പെട്ടാൽ അതിന് ഓഫീസും സ്റ്റാഫും ലഭിക്കാൻ ഏറെ വൈകുന്നു. അധികാരങ്ങൾ പരിമിതമാകുന്നു. അന്വേഷണകമീഷനുകൾക്കാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ കിട്ടാൻ നടപടിയുണ്ടാകുന്നില്ല. തെളിവെടുപ്പും വിചാരണയും നീണ്ടു നീണ്ടു പോകും. കാലാവധി നീട്ടിക്കൊണ്ടേയിരിക്കും. കമീഷന്റെ ശിപാർശകൾ ചർച്ച ചെയ്യപ്പെടുക അധികവും തെരുവിലാണ്. ഏറെ ഒച്ചപ്പെട്ടുകൊണ്ടിരിക്കുന്ന സച്ചാർ കമ്മിറ്റി റിപ്പോർട്ടു പോലും ഇതുവരെ പാർലമെന്റിൽ ചർച്ച ചെയ്തിട്ടില്ലെന്നോർക്കുക. സച്ചാറിന്റെ ശിപാർശയനുസരിച്ച് രൂപീകൃതമായ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയമാകട്ടെ ആറു മാസത്തോളം 'പ്രവർത്തിച്ച'ത് ഓഫീസോ സ്റ്റാഫോ ഇല്ലാതെയാണ്. ആ മന്ത്രാലയത്തിന്റെ ഉത്തരവാദിത്വങ്ങളും അധികാരപരിധിയും വ്യക്തമായി നിർണയിക്കപ്പെട്ടിരുന്നുമില്ല.

സർക്കാറിന്റെ ന്യൂനപക്ഷ ക്ഷേമ പരിപാടികളെല്ലാം ന്യൂനപക്ഷങ്ങളുടെ കണ്ണിൽ പൊടിയിടുന്ന തന്ത്രങ്ങൾ മാത്രമായി കലാശിക്കുന്ന സാഹചര്യത്തിൽ പുതിയ മന്ത്രാലയങ്ങളുടെ രൂപീകരണത്തിൽ വലിയ പ്രതീക്ഷകൾ വെച്ചുപുലർത്തുന്നതിൽ അർഥമില്ല. മന്ത്രാലയങ്ങളും കമീഷനുകളും രൂപീകരിക്കപ്പെടുന്നുവോ എന്നതല്ല; പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രായോഗികവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുന്നുവോ എന്നതാണ് കാര്യം.അതുപക്ഷേ എവിടെയും കാണുന്നില്ല. അതുകൊണ്ടാണ് പുതിയ പുതിയ ക്ഷേമ പദ്ധതികളും സ്ഥാപനങ്ങളും ഉയർന്നുവരുമ്പോഴും ന്യൂനപക്ഷത്തിന്റെ ദുരിതം വർധിച്ചുകൊണ്ടേയിരിക്കുന്നത്. മഹാരാഷ്ട്രയിൽതന്നെ ശ്രീകൃഷ്ണ കമീഷന്റെ കാര്യമെടുക്കുക. ഈ കമീഷന്റെ ശിപാർശകൾ നടപ്പിലാക്കുമെന്ന് വർഷങ്ങളായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചുവരുന്നു. ഇതുവരെ ഒന്നുമുണ്ടായില്ല. നിർദിഷ്ട ന്യൂനപക്ഷ മന്ത്രാലയം ശ്രീകൃഷ്ണ കമീഷൻ റിപ്പോർട്ടിനോട് എന്തു സമീപനം സ്വീകരിക്കുമെന്നു പരാമർശിച്ചില്ല. ഭീകരത സംശയിച്ച് മഹാരാഷ്ട്ര ഗവൺമെന്റ് നിരവധി മുസ്‌ലിം യുവാക്കളെ തടവിലിട്ട് പീഡിപ്പിക്കുന്നുണ്ട്. നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നത് അവസാനിപ്പിക്കുന്നതിനെക്കുറിച്ചും ഒന്നും പറയുന്നില്ല. സംസ്ഥാനത്തെ ന്യൂനപക്ഷമനുഭവിക്കുന്ന ഇത്തരം നീറുന്ന പ്രശ്നങ്ങളിലുള്ള സർക്കാറിന്റെ ക്രൂരമായ മൗനം നിർദിഷ്ട ന്യൂനപക്ഷകാര്യ മന്ത്രാലയത്തിൽ ന്യൂനപക്ഷങ്ങൾക്കുള്ള പ്രതീക്ഷയെ കുറച്ചൊന്നുമല്ല നിരർഥമാക്കുന്നത്. ■